**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1898** **08-10-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീരസഹകരണ സംഘങ്ങൾക്ക് ആദായ നികുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Smt J Chinchurani (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരസഹകരണ സംഘങ്ങളെ ആദായ നികുതിയുടെ പരിധിയിൽ കൊണ്ടുവരാൻ കേന്ദ്രസർക്കാർ ഉദ്ദേശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | ഉണ്ട്. കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡിന്റെ 30.06.2021-ലെ 13/2021 നമ്പർ സർക്കുലർ പ്രകാരം 1961-ലെ ഇൻകംടാക്സ് ആക്ടിലെ വകുപ്പ് 194Q പ്രകാരം പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളെയും ആദായ നികുതി പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യൂണിയൻ ലിസ്റ്റിൽ ഉൾപ്പെട്ടു വരുന്ന ഈ വിഷയത്തിൽ കേന്ദ്ര സർക്കാരിനു മാത്രമാണ് നിയമ നിർമ്മാണം നടത്തുവാൻ ഭരണഘടനാപരമായി അധികാരമുള്ളത്. ഇക്കാര്യം കേന്ദ്ര ധനകാര്യ മന്ത്രിയെ അറിയിച്ചു കൂടാതെ പ്രസ്തുത വിഷയത്തിന്മേൽ അനുകൂലമായ തീരുമാനം കൈക്കൊള്ളുന്നതിന് 01.10.2021-ൽ ബഹു. കേന്ദ്ര ക്ഷീരവികസന വകുപ്പ് മന്ത്രിയെ നേരിൽ കണ്ട് വിഷയം ബോധിപ്പിക്കുകയും, സംസ്ഥാന സർക്കാരിന്റെ നിവേദനം ബഹു. കേന്ദ്രമന്ത്രിയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ